**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2079** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഹെൽത്തി കിഡ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവും കായികക്ഷമതയുമുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ പ്രൈമറി ക്ലാസുകൾ കേന്ദ്രീകരിച്ച് ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിലെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ കായികവും, ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി.-യുടെയും സഹകരണത്തോടെ 55 സ്കൂളുകളിലായി ഹെൽത്തി കിഡ്സ് പദ്ധതിയും, ഗ്രാസ്റ്റൂട്ട് ബോക്സിംഗ് പരിശീലനത്തിനായി പഞ്ച് പദ്ധതിയും, ഗ്രാസ്റ്റൂട്ട് ജൂഡോ പരിശീലനത്തിനായി ജൂഡോക്കോ പദ്ധതിയും, പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ അടിസ്ഥാന മോട്ടോർ ഗുണങ്ങൾ വികസിപ്പിക്കുന്നതിനായി ബാസ്കറ്റ് ബോൾ പ്രോജക്റ്റ് ആയ ഹൂപ്പ്സ്, അത്ലറ്റിക്സിനായി സ്പ്രിന്റ്, എന്നീ പദ്ധതികളുമാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഹെൽത്തി കിഡ്സ് പദ്ധതിക്കായി കായിക-യുവജനകാര്യ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് സ്കൂളുകൾക്ക് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | പ്രൈമറി ക്ലാസുകളിലെ പി.ടി. പീരീഡ് ഉപയോഗ യോഗ്യം ആക്കാൻ ഉള്ള ഇൻഡോർ ഔട്ട്ഡോർ എക്യുപ്മെന്റുകളാണ് നൽകിയിരിക്കുന്നത്. ഔട്ട്ഡോറിൽ സ്പൈറൽ ബംബി സ്ലൈഡർ, ആർ ആൻഡ് പി പാർക്ക് മുതലായവ നൽകിയിട്ടുണ്ട്. ഇൻഡോറിൽ ബാലൻസിംഗ് വാക്ക്, ബാസ്കറ്റ്ബോൾ അറ്റംറ്റർ, ഫുട്ബോൾ ട്രെയിനർ, ബോൾ ബാസ്കറ്റ് എന്നിവയാണ് നൽകിയിരിക്കുന്നത്. കൂടാതെ എല്ലാദിവസവും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനും, ടീച്ചർമാർക്ക് ട്രെയിനിങ് കൊടുക്കുന്നതിനും, കുട്ടികളുടെ കായിക ക്ഷമത റിപ്പോർട്ട് ഫീഡ്ബാക്ക് ആയി തരുന്നതിനും ഉതകുന്ന രീതിയിലുള്ള ഓൺലൈൻ വെബ് മൊബൈൽ ആപ്ലിക്കേഷൻ നൽകിയിട്ടുണ്ട്.<br><br>വിനോദങ്ങളിലൂടെ കുട്ടികളുടെ കായികക്ഷമത, മാനസിക ഉന്നമനം, സാമൂഹിക ജീവിതശൈലി മാനദണ്ഡങ്ങൾ, കായിക വിനോദങ്ങളിലേക്കുള്ള |

| | | | |
|---|---|---|---|
| | | | അടിസ്ഥാന നൈപുണ്യങ്ങൾ സ്വാംശീകരിക്കുക, എന്നതിനും അടിസ്ഥാന വിദ്യാഭ്യാസത്തിന് ഒരു പ്രചോദനം ആയി തീരുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (സി) | സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് വേണ്ട കായിക ക്ഷമത ഡ്രിൽസ് എസ്.സി.ഇ.ആർ.ടി. കരിക്കുലം അനുസരിച്ചാണ് വിഭാവനം ചെയ്തിരിക്കുന്നത്. മുൻപ് നൽകിയിരുന്ന 25 സെന്ററുകൾക്ക് പുറമേ കായിക വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ഈ അധ്യായന വർഷം 30 സ്കൂളുകളിൽ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ഡി) | സംസ്ഥാനത്തെ കായിക വളർച്ചയ്ക്ക് ക്യൂബ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വിവിധ മേഖലകളിലെ സഹകരണത്തിനായി ജൂൺ മാസത്തിൽ ബഹു. കേരള മുഖ്യമന്ത്രി ക്യൂബ സന്ദർശിച്ചിരുന്നു. ക്യൂബയുമായുള്ള സഹകരണം രണ്ട് ഘട്ടങ്ങളിലായാണ് തീരുമാനിച്ചിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ, ക്യൂബയിൽ നിന്നുള്ള പരിശീലകരുടെ ഒരു പ്രതിനിധി സംഘം കേരളം സന്ദർശിക്കും, തുടർന്ന് കേരളത്തിൽ നിന്നുള്ള പരിശീലകർ ക്യൂബ സന്ദർശിക്കും. ഇതുമായി ബന്ധപ്പെട്ട്, 10 ദിവസത്തേക്ക് ക്യൂബയിൽ നിന്ന് കേരളത്തിലേക്കുള്ള പരിശീലകരുടെ ഒരു പ്രതിനിധി സംഘത്തെ ഹോസ്റ്റ് ചെയ്യുന്നതിന് ക്യൂബയുടെ എംബസിയും കായിക യുവജന കാര്യാലയം ഡയറക്ടറും തമ്മിൽ കത്തിടപാടുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ